VOL 1 ISSUE 5 | MARCH 2018 apcconvoice@gmail.com | www.apccon.com Private Circulation Only

# APCCON VOICE


THE OFFICIAL NEWSLETTER OF ABU DHABI PENTECOSTAL CHURCHES CONGREGATION

FREE
Circulation strictly for Christian Churches only

058- 9239629
APCCON WHATSAPP NO.
apcconvoice@gmail.com

- അപ്കോൺ വോയ്സ് Digital version (PDF) ആവശ്യമുള്ളവർ APCCON Whatsapp നമ്പറിൽ ബന്ധപ്പെടുക.
- നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങളും APCCON Whatsapp Number -ൽ അയക്കാവുന്നതാണ്.

## ഡോ.ബില്ലിഗ്രഹാം
### സവിശേഷതകളുടെ മനുഷ്യരൂപം



**നോർത്ത് കരോലിന (അമേരിക്ക)** ഈനൂറ്റാണ്ടിൽ ലോകംകണ്ട ഏറ്റവും വലിയ സുവിശേഷകൻ പാസ്റ്റർ ഡോക്ടർ ബില്ലിഗ്രഹാം(99) ഫെബ്രുവരി 21 ന് താൻ പ്രിയംവച്ച കർത്താവിന്റെ സന്നിധിയിൽ ചേർക്കപ്പെട്ടു. പ്രായാധിക്യത്താൽ ക്ഷീണിതനായിരുന്നു അദ്ദേഹം.

1916 നവംബർ 7 നായിരുന്നു ബില്ലിഗ്രഹാമിന്റെ ജനനം. സതേൺ ബാപ്റ്റിസ്റ്റ് മിനിസ്റ്ററായി പ്രവർത്തനമാരംഭിച്ച ബില്ലിഗ്രഹാം 2005 ൽ വിരമിക്കുന്നതുവരെ ആറു പതിറ്റാണ്ട് ടെലിവിഷനിലൂടെ നടത്തിയ ക്രൂസേഡ് ലക്ഷക്കണക്കിനാളുകളുടെ ജീവിതപരിവർത്തനത്തിനിടയാക്കിയിട്ടുണ്ട്.185 രാജ്യങ്ങളിലായി 215 മില്യൺ ജനങ്ങൾ ബില്ലിഗ്രഹാമിന്റെ പ്രസംഗം ശ്രവിച്ചിട്ടുള്ളതായി കണക്കാക്കപ്പെടുന്നു.ഡി. ഐസനോവർ, ലിൻഡൺബി. ജോൺസൺ, റിച്ചാർഡ് നിക്സൺ തുടങ്ങിയ അമേരിക്കൻ

CONTD...Page.4

## അപ്കോൺ സംയുക്താരാധനയ്ക്ക് അനുഗ്രഹ സമാപ്തി



**അബുദാബി** • അബുദാബി പെന്തെക്കോസ്തൽ ചർച്ചസ് കോൺഗ്രിഗേഷന്റെ (APCCON) 2017-18 ലെ മൂന്നാമത് സംയുക്ത ആരാധന മാർച്ച് 3 ന് മുസഫ ബ്രദറൺ ചർച്ച് സെന്ററിൽ നടന്നു. അപ്കോൺ പ്രസിഡന്റ് പാസ്റ്റർ എം.എം.തോമസ് പ്രാർത്ഥിച്ചാരംഭിച്ച മീറ്റിംഗിൽ പാസ്റ്റർ ജേക്കബ് ഡാനിയേൽ അദ്ധ്യക്ഷനായിരുന്നു. പാസ്റ്റർ പി.എം.ശാമുവേൽ സങ്കീർത്തനത്തിൽ നിന്നു ശുശ്രൂഷിക്കുകയും പാസ്റ്റർ എം.എം. തോമസ് തിരുവത്താഴ ശുശ്രൂഷയ്ക്കു നേതൃത്വം നൽകുകയും ചെയ്തു. പാസ്റ്റർ റെജി നാരായണൻ മുഖ്യാതിഥിയായിരുന്നു. അപ്പൊ.പ്രവൃ.1:8 ആസ്പദമാക്കി അദ്ദേഹം ദൈവവചനത്തിൽ നിന്നും ശുശ്രൂഷിച്ചു. അപ്കോൺ ക്വയർ ഗാനശുശ്രൂഷയ്ക്കു നേതൃത്വം നൽകി. അപ്കോൺ സെക്രട്ടറി ബ്രദ. ഒ.റ്റി.മാത്യൂക്കുട്ടി സ്വാഗതവും ജോ. സെക്രട്ടറി ബ്രദ.ജോൺസി കടമ്മനിട്ട നന്ദിയും പറഞ്ഞു. അബുദാബിയിലും സമീപപ്രദേശങ്ങളിലുമുള്ള ധാരാളം ദൈവമക്കൾ മീറ്റിംഗിൽ സംബന്ധിച്ച് ദൈവത്തെ ആത്മാവിൽ ആരാധിച്ചത് അവരുടെ ജീവിതത്തിൽ ആത്മിക ഉണർവ്വിനു കാരണമായി.

**GUEST COLUMN**

## സുവിശേഷം
### വയറ്റിലാക്കിയ സ്ത്രീ



പാസ്റ്റർ സാം റ്റി. മുഖത്തല

എന്താണ് സുവിശേഷം? "സുവിശേഷം എന്നതോ ദാവീദിന്റെ സന്തതിയായി ജനിച്ച്, മരിച്ച്, അടക്കപ്പെട്ട്, ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവിനെ ഓർത്തുകൊൾക; അതാകുന്നു എന്റെ സുവിശേഷം" (2 തിമൊ.2:8). സുവിശേഷം എന്ന പദത്തിനെ നല്ല വിശേഷം, നല്ല വാർത്ത, സുവാർത്ത എന്നൊക്കെ മനസ്സിലാക്കാം. ഇത് ആദ്യം മനസ്സിലാക്കിയ മൂന്നു കൂട്ടർ വിളിച്ചുപറഞ്ഞു, അതായത്, യേശുവിന്റെ ജനനം തിരിച്ചറിഞ്ഞ ഇടയന്മാർ ബേത്ലഹേമിലേക്കുള്ള യാത്രയിൽ വിളിച്ചുപറയുന്നത് ഒരു സദ്വാർത്ത എന്നാണ്. യേശു എന്ന സുവിശേഷം ഭൂമിയിൽ ആഗതമായപ്പോൾ ഇടയന്മാർ വിളിച്ചു പറഞ്ഞു; ലോകരക്ഷകനായി ദാവീദിന്റെ കുലത്തിൽ ഒരുവൻ ജനിച്ചിരിക്കുന്നു. അതാണ് യേശു എന്ന സുവിശേഷം.

ഈ സുവിശേഷം ഭൂമിയിൽ വരുവാൻ ഉൾക്കൊണ്ട സാഹചര്യം ചിന്താതീതമാണ്. ദൂതൻ മറിയയ്ക്കു പ്രത്യക്ഷനായി യേശു എന്ന സുവിശേഷം നിന്നിൽ ഉരുവാകുവാൻ പോകുന്നു. സുവിശേഷം ഉള്ളിൽ വഹിക്കാൻ ഒരിക്കലും അനുകൂലമായ സാഹചര്യമായിരുന്നില്ല മറിയയുടേത്. വിവാഹനിശ്ചയം മാത്രം കഴിഞ്ഞിരുന്ന മറിയയ്ക്ക് പലതരത്തിലുള്ള തടസ്സങ്ങൾ മുമ്പിലുണ്ടായിരുന്നു. മറിയ ദൂതനോടു പറയുന്നു, "അവിടുത്തെ ഇഷ്ടം പോലെ ഭവിക്കട്ടെ." ആ വാക്കു നിമിത്തം സുവിശേഷം മറിയയുടെ ഉള്ളിൽ ഉരുവായി. പിന്നെ ആ സുവിശേഷം വഹിച്ചുകൊണ്ടുള്ള നീണ്ട മാസങ്ങളിലെ ജീവിതം ആ സ്ത്രീയെ സംബന്ധിച്ചിടത്തോളം ദുഷ്കരമായിരുന്നു. സുവിശേഷം ഉള്ളിലായ സ്ത്രീക്ക് ഓരോ

**സുവിശേഷം ഉള്ളിൽ സ്വീകരിക്കുന്ന ഒരു വ്യക്തിക്ക് ആത്മീയജീവിതത്തിൽ മറിയ അനുഭവിച്ചതുപോലെയുള്ള അനുഭവങ്ങളിലൂടെ കടന്നുപോകേണ്ടതായി വരും. സുവിശേഷത്താൽ വീണ്ടുംജനിക്കുമ്പോൾ പിന്നെ പുതിയ സൃഷ്ടിയാണ്. അത് ലോകം അറിയും. പിന്നെ ലോകക്കാരെപ്പോലെ കഴിക്കാനോ കുടിക്കാനോ ജീവിക്കാനോ കഴിയില്ല.**

CONTD...Page.3



# രക്ഷ അഗണ്യമാക്കരുതേ...



**ജോൺസി കടമ്മനിട്ട**
**ചീഫ് എഡിറ്റർ**

എല്ലാ മാന്യ വായനക്കാർക്കും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം. ദൈവത്തിന്റെ വലിയ കൃപാകടാക്ഷത്താൽ ഒരു പുതിയ മാസം കൂടെ കാണുവാൻ കർത്താവ് നമ്മെ പ്രാപ്തരാക്കി. ദൈവത്തിന് സകല മഹത്വവും മാനവും അർപ്പിക്കുന്നു. ലോകമെങ്ങും സാമ്പത്തികമായി വളരെ ഞെരുക്കത്തിലും പ്രതിസന്ധിയിലും ജനങ്ങൾ ആയിരിക്കുന്നു. ഏറിയപങ്ക് ആളുകളും സാമ്പത്തിക ബുദ്ധിമുട്ടുകളുടെ സമ്മർദ്ദം അനുഭവിക്കുന്നതായി സമീപകാല റിപ്പോർട്ടുകൾ തെളിയിക്കുന്നു. തൊഴിൽ നഷ്ടം, സാമ്പത്തിക പ്രതിസന്ധി അങ്ങനെ നിരവധി വിഷയങ്ങളാൽ മാനസിക പിരിമുറുക്കം അനുഭവിക്കുന്നവർ നമുക്കിടയിലും ചുറ്റുപാടുകളിലുമുണ്ട്. പലരും ചെലവു ചുരുക്കുവാൻ മാർഗ്ഗങ്ങൾ ആരായുന്നു. കമ്പനികൾ തൊഴിലാളികളെ കുറയ്ക്കുന്നു. നാട്ടിൽ മുഴുവൻ റിഡക്ഷനുകളുടെ കാലമാണ്.

കഴിഞ്ഞ ദിവസം ചില സാധനങ്ങൾ വാങ്ങുന്നതിനായി ഞാനൊരു സൂപ്പർ മാർക്കറ്റിൽ പോയപ്പോൾ അവിടെ വലിയ ജനക്കൂട്ടം തിക്കിതിരക്കുന്നതാണ് കണ്ടത്. കാരണമന്വേഷിച്ചപ്പോൾ, അവിടെ സാധനങ്ങൾക്കെല്ലാം 50% ഡിസ്കൗണ്ട് നൽകുന്നതായും ചില സൗജന്യങ്ങളും അവർ ഓഫർ ചെയ്തിരുന്നു. അതിനായുള്ള നെട്ടോട്ടമാണെന്നു മനസ്സിലായി. പെട്ടെന്ന് എന്നിൽ ചില ചിന്തകൾ ഉണർന്നു.

മാനവരാശിയുടെ മുഴുവൻ പാപപരിഹാരത്തിനായി ക്രൂശിൽ മരിച്ച യേശു, തന്നിൽ വിശ്വസിക്കുന്നവർക്ക് സൗജന്യമായി രക്ഷ വാഗ്ദാനം ചെയ്തിരിക്കുന്നു. സൗജന്യമായി അതു ലഭിച്ചിട്ടും പലരും അതു ഗണ്യമാക്കാതെ പോകുന്നു. സൗജന്യമായതു കൊണ്ട് ഇതു വിലയില്ലാത്തതാണെന്നു കരുതരുത്. യേശു കർത്താവ് കാൽവറിയിൽ തന്റെ വിലയേറിയ രക്തമൊഴുക്കി മാനവജാതിക്കു സമ്പാദിച്ചു തന്നതാണ് ഈ വലിയ രക്ഷ. അതു ഗണ്യമാക്കാതെ പോയാൽ വരുവാൻ പോകുന്ന ന്യായവിധിയിൽ നിന്നും നിങ്ങൾക്കു തെറ്റിഒഴിയുവാൻ കഴിയില്ലെന്ന് തിരുവചനം അസന്ദിഗ്ധമായി പറയുന്നു.

പ്രിയ സ്നേഹിതരെ, നിങ്ങൾ ഈ സൗജന്യമായ രക്ഷ പ്രാപിച്ച വ്യക്തിയാണോ? ഇല്ലെങ്കിൽ നിങ്ങളുടെ ജീവിതത്തെ കർത്താവിനു സമർപ്പിക്കുക. ഈ രക്ഷ നിങ്ങൾക്കും പ്രാപിക്കാം.

താങ്കൾ ഈ രക്ഷാനുഭവം പ്രാപിച്ച വ്യക്തിയാണെങ്കിൽ അതു മറ്റുള്ളവർക്കു പരിചയപ്പെടുത്തുക. അനേകർ നിങ്ങളിലൂടെ ഈ രക്ഷാദായകനെ കണ്ടുമുട്ടട്ടെ.

## APCCON VOICE EDITORIAL BOARD

**Advisory Board:**
Pr. M.M. Thomas
Pr. Benny P. John
Br. O.T. Mathewkutty

**Cheif Editor:**
Br. Johncy Kadammanitta

**Editors:**
Pr. M.J. Dominic
Br. Renu Alex

**Circulation Manager:**
Br. Sabu

**Area Coordinators:**
Br. Lenin
Br. M.J. Baiju

Design & Layout
vbabykylm@gmail.com

## എഴുത്തുകാരുടെ ശ്രദ്ധയ്ക്ക്

അപ്കോൺ വോയ്സിൽ ലേഖനങ്ങളും മറ്റിതര പംക്തികളും എഴുതുന്നവർ A4 പേപ്പറിൽ ഒന്നരപ്പേജിൽ കവിയാതെ എഴുതി അയച്ചുതരിക. ലേഖനങ്ങളിലെ ആശയങ്ങളുടെ പൂർണ്ണ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കു മാത്രമായിരിക്കും. നിങ്ങളുടെ ലേഖനങ്ങൾ എല്ലാ മാസവും 30-നു മുമ്പായി അയച്ചുതരേണ്ടതാണ്. നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും പ്രാർത്ഥനാവിഷയങ്ങളും APCCON Whatsapp 058- 9239629- ലോ apcconvoice@gmail.com എന്ന mail Id യിലോ അയച്ചുതരാവുന്നതാണ്.

**എഡിറ്റോറിയൽ ബോർഡ്**
അപ്കോൺ വോയ്സ്

# അപ്കോൺ പൊതുയോഗം മാർച്ച് 28 – ന്

അബുദാബി • അബുദാബി പെന്തെക്കോസ്തൽ ചർച്ചസ് കോൺഗ്രിഗേഷന്റെ (APCCON) പൊതുയോഗം 2018 മാർച്ച് 28 ന് വൈകിട്ട് 7:30 മുതൽ 10 വരെ ഇവാഞ്ചലിക്കൽ ചർച്ച് സെന്ററിൽ നടക്കും. അന്നേ ദിവസം അടുത്ത വർഷത്തേക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പും ഉണ്ടായിരിക്കുമെന്ന് അപ്കോൺ സെക്രട്ടറി ബ്രദ. ഒ.റ്റി. മാത്യുക്കുട്ടി അറിയിച്ചു.

# ICPF അബുദാബി ചാപ്റ്ററിനു പുതിയ നേതൃത്വം



**അബുദാബി** • ICPF അബുദാബി ചാപ്റ്ററിനു പുതിയ നേതൃത്വം ഫെബ്രുവരി 12 -ന് അബുദാബിയിൽ നടന്ന ICPF ജനറൽ മീറ്റിംഗിലാണ് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തത്. പാസ്റ്റർ ഡാനിയേൽ വില്യംസ്, പാസ്റ്റർ ബെന്നി പി ജോൺ, പാസ്റ്റർ ജോജി ജോർജ്, ഡോ.റോയി ബി. കുരുവിള, ബ്രദ. ഗ്ലെന്നി പി. സി. തുടങ്ങിയവർ പേട്രൺ ആയും പാസ്റ്റർ എബി വർഗീസ് (പ്രസിഡണ്ട്), ബ്രദർ സജി സാം വർഗീസ് (വൈസ് പ്രസിഡന്റ്), ബ്രദ. ജോൺസൺ മാത്യു (സെക്രട്ടറി), ബ്രദ. മാത്യു ഫിലിപ്പ് (ജോ:സെക്രട്ടറി), ബ്രദ. ഷിബു വർഗീസ് (ട്രഷറാർ), ബ്രദ.പ്രിൻസ് തോമസ് പ്രസാദ് (ജോ.ട്രഷറർ), ബ്രദ.ജോൺസി കടമ്മനിട്ട(പബ്ലിസിറ്റി കൺവീനർ), ബ്രദ.ഏബൽ സൈമൺ (പ്രയർ കോർഡിനേറ്റർ), ബ്രദ.ബെന്നി മത്തായി (മ്യൂസിക് കോർഡിനേറ്റർ) എന്നിവരെ കൂടാതെ ഒമ്പത് അംഗ കമ്മറ്റിയേയും തിരഞ്ഞെടുത്തു. ബ്രദ.സന്തോഷ് ഈപ്പൻ ICPF, UAE കോർഡിനേറ്റർ ഈ മീറ്റിംഗിൽ സന്നിഹിതനായിരുന്നു.

# 39 – ാമത് MCC സണ്ടേസ്കൂൾ ആനിവേഴ്സറി



**അബുദാബി** • MCC സൺഡേസ്കൂളിന്റെ 39-ാമത് ആനിവേഴ്സറി ഫെബ്രുവരി 10-ന് വൈകിട്ട് 5 മുതൽ 11 വരെ ഇന്ത്യൻ സോഷ്യൽ സെന്ററിൽ (ISC) നടന്നു. ബ്രദ. ജോർജ് വറുഗീസ് പ്രാർത്ഥിച്ചാരംഭിച്ച സമ്മേളനം മുഖ്യാതിഥിയായി കടന്നുവന്ന പാസ്റ്റർ ഒ.പി. ബാബു (ADPC) ഉത്ഘാടനം ചെയ്തു. വിവിധ ക്ലാസുകളിലെ സൺഡേസ്കൂൾ കുഞ്ഞുങ്ങൾ വ്യത്യസ്തങ്ങളായ പരിപാടികൾ അവതരിപ്പിച്ചു. തുടർന്ന് 360 സണ്ടേസ്കൂൾ വിദ്യാർത്ഥികൾക്ക് മാർക്കിന്റെ അടിസ്ഥാനത്തിൽ സമ്മാനവും സർട്ടിഫിക്കറ്റും വിതരണം ചെയ്തു. സിസ്റ്റർ നീതു പോൾ കൃതജ്ഞത രേഖപ്പെടുത്തി. അപ്കോൺ പ്രസിഡന്റ് പാസ്റ്റർ എം.എം.തോമസ് പ്രാർത്ഥിച്ചനന്തരം പാസ്റ്റർ അജു ജേക്കബ് (IPC) ആശീർവാദം പറയുകയും ചെയ്തു. MCC പ്രിൻസിപ്പൽ ബ്രദർ സന്തോഷ് സാമുവേൽ, വൈസ് പ്രിൻസിപ്പൽ ഡെന്നി പുന്നൂസ്, പാസ്റ്റർ ബെന്നി പി. ജോൺ, തോമസ് എബ്രഹാം, ഒ ടി മാത്തുക്കുട്ടി തുടങ്ങിയവർ നേതൃത്വം നൽകി.



# ഞാൻ



**ഷിബു മുള്ളംകാട്ടിൽ**

കടുത്ത മഞ്ഞുകാലത്ത് ഉഷ്ണമേഖലയിലേക്കു പോകുവാൻ ഒരു തവള തീരുമാനിച്ചു. രണ്ട് അരയന്നങ്ങളുടെ സഹായത്തോടെ അതിനുള്ള മാർഗ്ഗവും തവള ആസൂത്രണം ചെയ്തു. ഒരു ചെറിയ കമ്പിന്റെ രണ്ടറ്റവും അരയന്നങ്ങൾ കൊത്തിപ്പിടിച്ചുകൊണ്ട് പറക്കുക; തവള ആ കമ്പിന്റെ നടുവിൽ കടിച്ചു തൂങ്ങിക്കിടക്കു.' ഒരു കൃഷിസ്ഥലത്തിനു മുകളിലൂടെ പോകുമ്പോൾ കൃഷിക്കാരൻ വിചിത്രമായ ഈ കാഴ്ച കണ്ട് ആശ്ചര്യപൂർവ്വം ചോദിച്ചു, "ആരാണ് ഈ പറക്കും യന്ത്രം കണ്ടുപിടിച്ചത്?" മറ്റൊന്നും ചിന്തിക്കാതെ തവള ഉറക്കെ പറഞ്ഞു, "ഞാനാണ്." ശേഷം സംഭവിച്ചത് വായനക്കാർക്കു ചിന്ത്യം! തൽക്ഷണം നിലത്തുവീണ് തവള പിടഞ്ഞു.

ഞാൻ എന്ന ഭാവം വരുത്തിവച്ച വിനയെ വെളിപ്പെടുത്തുന്ന ഒരു കൊച്ചുകഥയാണിത്. സമൂഹത്തിൽ നടമാടുന്ന സകല പ്രശ്നങ്ങളുടെയും സൂത്രധാരൻ 'ഞാൻ എന്ന ഭാവം' തന്നെയാണ്. സ്വാർത്ഥതയ്ക്കു വേണ്ടി ഏതു മാർഗ്ഗവും അവലംബിക്കുന്ന തലമുറയിലാണ് നാം ജീവിക്കുന്നത്. ഇതു ചെയ്താൽ എനിക്ക് എന്തു കിട്ടും, എനിക്ക് എന്തു പ്രയോജനം എന്ന ലക്ഷ്യത്തോടെ മാത്രം ഇക്കൂട്ടർ നീങ്ങുന്നു. നിർഭാഗ്യവശാൽ ആത്മീയരംഗത്തും ഈ അർബ്ബുദം പടരുന്നത് ഗൗരവമായി വീക്ഷിക്കേണ്ടതാണ്.

ഞാൻ എന്ന ഭാവം പൂർണ്ണമായു കുഴിച്ചുമൂടുന്നവരെയാണ് ദൈവത്തിന് ആവശ്യം. അങ്ങനെയുള്ളവരിലാണ് ദൈവപ്രവൃത്തി വെളിപ്പെടുന്നത്. സമർത്ഥനും ജ്ഞാനിയുമായ മോശെയ്ക്ക് ഒടുവിൽ മിദ്യാനിലേക്കു പലായനം ചെയ്യേണ്ടിവന്നു. നീണ്ട 40 വർഷത്തെ ജീവിതംകൊണ്ട് മോശെ ചില യാഥാർത്ഥ്യങ്ങൾ തിരിച്ചറിഞ്ഞു. തന്റെ സ്വന്തശക്തിയിലും ബുദ്ധിയിലും ഒന്നും ചെയ്യുവാൻ കഴിയില്ലെന്ന് മോശെയ്ക്കു മനസ്സിലായി. ദൈവം മുൾപ്പടർപ്പിൽ പ്രത്യക്ഷനായി വിളിക്കുമ്പോൾ മോശെയുടെ വാക്കുകൾ അതിന് അടിവരയിടുന്നു. "യിസ്രായേൽ മക്കളെ പുറപ്പെടുവിക്കാൻ ഞാൻ എന്തുമാത്രമുള്ളൂ... ഞാൻ വാക്സാമർത്ഥ്യമുള്ളവനല്ല..." സ്വയത്തിന്റെ ഭാവം പൂർണ്ണമായും ഇല്ലാതായ ഒരു മോശെയുടെ ചിത്രമാണ് ഇവിടെ തെളിയുന്നത്. ഓർക്കുക, നമ്മുടെ ശൂന്യതയിലാണ് ദൈവം ഇറങ്ങിവരുന്നത്.

ചുങ്കക്കാരന് തന്റെ പ്രവൃത്തിയെപ്പറ്റി അനുതാപമുണ്ടായപ്പോൾ സ്വയത്തെ പഴിക്കുന്നു. അതു താഴ്മയുടെ പ്രാർത്ഥനയായി. അതേ സമയം പരീശൻ സ്വയത്തിൽ അഭിമാനിക്കുന്നു. അത് ആത്മപ്രശംസയുടെ പ്രാർത്ഥനയായി. നമ്മുടെ പ്രാർത്ഥനയും ജീവിതവും എപ്രകാരമെന്നു സ്വയം വിലയിരുത്തുമോ?

പണവും പദവിയവു വെട്ടിപ്പിടിക്കുവാനാണ് 'ഞാൻ' എന്ന ഭാവം ലക്ഷ്യം വയ്ക്കുന്നത്. ഏതു വിധേനയും ഈ നേട്ടങ്ങൾ കൈവരിക്കുവാൻ ഇവർ കരുക്കൾ നീക്കും. സ്വഭാവവും കീർത്തിയും രണ്ടാണ് എന്ന കാര്യം ഇങ്ങനെയുള്ളവർ മറക്കരുത്. വ്യക്തിപരമായ ജീവിതത്തിന്റെ സംശുദ്ധിയാണ് സ്വഭാവത്തിൽ വെളിപ്പെടേണ്ടത്. മറ്റുള്ളവരിൽ വിശ്വാസമുണ്ടാക്കുന്നതും വിശ്വാസത്തകർച്ചയുണ്ടാക്കുന്നതും 'സ്വഭാവഗുണം' കൊണ്ടാണ്. എന്നാൽ കീർത്തിയെന്നത് സോപ്പു കുമിളപോലെയാണ്. എപ്പോൾ വേണമെങ്കിലും ഇല്ലാതെയാകും! സ്വഭാവശുദ്ധി കാത്തുസൂക്ഷിക്കുന്നവരുടെ കീർത്തി എക്കാലവും നിലനിൽക്കും. ഞാൻ എന്ന ഭാവം കൊണ്ടു നേടിയെടുക്കുന്ന കീർത്തി ഏതു സമയവും അപകീർത്തിയിലേക്കു മാറ്റപ്പെടും. അതുകൊണ്ട് കീർത്തി ആഗ്രഹിക്കുന്നവർ ആദ്യം ചെയ്യേണ്ടത് സ്വയം താഴുകയാണ്. "തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും" ലൂക്കൊ.18:14).

നമ്മുടെ ശൂന്യതയെ ദൈവമുമ്പാകെ തുറന്നു സമ്മതിക്കുമ്പോഴാണ് ദൈവം പ്രവൃത്തിക്കുവാൻ ഒരുങ്ങുന്നത്. സ്വന്തബുദ്ധിയിലും ജ്ഞാനത്തിലും പണത്തിലും ആശ്രയിക്കുന്നവർ താൽക്കാലികമായി ചിലപ്പോൾ വിജയിച്ചെന്നു നമുക്കു തോന്നാം. പക്ഷേ, വൻ പരാജയങ്ങളിലേക്കാണ് അവർ കൂപ്പുകുത്തുന്നത്. ദൈവത്തെ കൂടാതെയുള്ള ഏതു ശ്രമങ്ങളും വിഫലമായിത്തീരും. ഞാൻ എന്ന ഭാവവും സ്വയത്തിന്റെ എല്ലാ ചിന്തകളും ദൈവമുമ്പാകെ നമുക്ക് അടിയറ വയ്ക്കാം. പൗലൊസിനെപ്പോലെ നമുക്കും പറയാം "ബലഹീനനായിരിക്കുമ്പോളാണ് ഞാൻ ശക്തനായിരിക്കുന്നത്. അതുകൊണ്ട് ഞാൻ എന്റെ ബലഹീനതയിൽ പ്രശംസിക്കും."

## സുവിശേഷം വയറ്റിലാക്കിയ സ്ത്രീ...

ദിവസവും വ്യത്യാസം വന്നുതുടങ്ങി. ജീവിതരീതിക്കു മാറ്റമായി. ആഹാരരീതിക്ക് മാറ്റമായി.

ഈ സ്ത്രീയെ സംബന്ധിച്ചിടത്തോളം വിവാഹ നിശ്ചയം മാത്രം കഴിഞ്ഞിരുന്നതിനാൽ മറ്റുള്ളവരുടെ ചോദ്യങ്ങൾക്കു കാരണമായി. വിവാഹ നിശ്ചയം മാത്രം കഴിഞ്ഞ സ്ത്രീ എങ്ങനെ ഗർഭിണിയായി? അത്തരത്തിലുള്ള പരിഹാസങ്ങളും നിന്ദകളും ആക്ഷേപങ്ങളും എല്ലാം കേട്ടുതുടങ്ങി. പരിഹാസച്ചുവയുള്ള നോട്ടങ്ങൾ, പ്രതിശ്രുത വധു ഗർഭിണിയാണെന്ന് അറിഞ്ഞ ജോസഫ് തന്റേതല്ലാത്ത കാരണത്താൽ ഉപേക്ഷിക്കാൻ തയ്യാറാവുകയാണ്.

നല്ല ഒരു ശുഭഭാവി സ്വപ്നം കണ്ടുകൊണ്ട് പുതിയ ജീവിതം ആരംഭിക്കുവാൻ കാത്തു നിന്ന മറിയയ്ക്ക് ഈ വാർത്ത മാനുഷികമായി വേദനിപ്പിക്കുന്നതായിരിക്കാം. സുവിശേഷം വയറ്റിൽ ഉരുവായതുകൊണ്ട് ഒത്തിരി വേദനകൾ സഹിക്കേണ്ടി വന്ന അവസ്ഥയിലാണ് മറിയ ഇപ്പോൾ. വയറ്റിൽ സുവിശേഷം എന്ന ശിശു വളരുന്തോറും ശരീരത്തിന്റെ രൂപം മാറി, ക്ഷീണം, തളർച്ച, ആഹാരം ഉൾക്കൊള്ളാൻ കഴിയാത്ത അവസ്ഥ. ഒടുവിൽ സുവിശേഷം ചലിക്കാൻ തുടങ്ങി. സുവിശേഷം വെളിയിൽ വരുവാനുള്ള സമ്മർദ്ദമായി. ഇതിനിടയിൽ അല്പം വിശ്രമത്തിനായി യെഹൂദ്യയിൽ എലിസബത്തിന്റെ വീട്ടിൽ ചെന്നു. ആ യാത്ര വളരെ ബദ്ധപ്പാടു തന്നെയായിരുന്നു. മൂന്നു മാസം അവിടെ വിശ്രമിച്ചു.

സുവിശേഷം പുറത്തുവരാൻ സമയമായപ്പോൾ ഔഗസ്തോസ് കൈസർ ഒരു ആജ്ഞ പുറപ്പെടുവിച്ചു. എല്ലാവരും താന്താന്റെ പട്ടണത്തിൽ പോയി പേർവഴി ചാർത്തണം. യോസഫും മറിയയും കൂടെ നസറേത്തിൽ നിന്നും യെഹൂദ്യയിലേക്കു പോയി. ആ യാത്ര വളരെ ദുഷ്കരമായിരുന്നു. ആ യാത്രയിൽ സുവിശേഷം പുറത്തുവരുന്ന കാലം തികഞ്ഞു. പല വാതിലുകളിൽ മുട്ടി. ആരും ഒരു അവസരം നൽകിയില്ല. ഒടുവിൽ ബേത്‌ലഹേമിൽ പശുത്തൊഴുത്തിൽ പാകമായ യേശു എന്ന സുവിശേഷം പുറത്തുവന്നു. യേശുവിന്റെ അമ്മയായ മറിയയ്ക്കു യേശു അകത്ത് ഉരുവായതു മുതൽ ബേത്‌ലഹേം വരെ ഒത്തിരി കഷ്ടങ്ങൾ സഹിക്കേണ്ടി വന്നു.

പ്രിയ വായനാ മിത്രമേ, സുവിശേഷം ഉള്ളിൽ സ്വീകരിക്കുന്ന ഒരു വ്യക്തിക്ക് ആത്മീയജീവിതത്തിൽ മറിയ അനുഭവിച്ചതുപോലെയുള്ള അനുഭവങ്ങളിലൂടെ കടന്നുപോകേണ്ടതായി വരും. സുവിശേഷത്താൽ വീണ്ടുംജനിക്കുമ്പോൾ പിന്നെ പുതിയ സൃഷ്ടിയാണ്. അത് ലോകം അറിയും. പിന്നെ ലോകക്കാരെപ്പോലെ കഴിക്കാനോ കുടിക്കാനോ ജീവിക്കാനോ കഴിയില്ല. മറ്റുള്ളവരിൽ നിന്നും പരിഹാസവും നിന്ദയും ഒറ്റപ്പെടലും അനുഭവിക്കേണ്ടതായി വരും. എന്നാൽ സുവിശേഷം സന്തോഷത്തോടെ വഹിച്ചാൽ പിന്നെത്തേതിൽ ലോകരക്ഷകനായ യേശുവിന്റെ മാതാവ് എന്ന പേര് മറിയയ്ക്കു ലഭിച്ചതുപോലെ സുവിശേഷം നമ്മെ ഉയർത്തും. പൗലൊസിനെപ്പോലെ നമുക്കു പറയാം, സുവിശേഷത്തെക്കുറിച്ച് എനിക്കു ലജ്ജയില്ല. സുവിശേഷം എന്നെ നിർബന്ധിക്കുന്നു. നിറഞ്ഞ മനസ്സോടെ സുവിശേഷം ഉൾക്കൊള്ളാം. സുവിശേഷം വഹിക്കാം. സുവിശേഷവുമായി പോകാം."ഞാനോ ഉയർത്തപ്പെട്ടാൽ എല്ലാവരും എങ്കലേക്ക് ആകർഷിക്കപ്പെടും" എന്നു പറഞ്ഞ കർത്താവ് നമ്മെയും ഉയർത്തും.

For Private Circulation only - Not for sale



# നമ്മുടെ തലമുറ സുരക്ഷിതരോ?

ഫിന്നി കാഞ്ഞങ്ങാട്

ഞെട്ടിപ്പിക്കുന്ന പല വാർത്തകളും ദിനം പ്രതി മാധ്യമങ്ങളിലൂടെ പുറത്തു വന്നുകൊണ്ടിരിക്കുകയാണ്. ഭയത്തോടും ആശങ്കളോടുമാണ് മക്കളുടെ സുരക്ഷിതത്വവും നല്ല ഭാവിയും ആഗ്രഹിക്കുന്ന മാതാപിതാക്കൾ ഇന്നു ജീവിക്കുന്നത്. ഭയാനകമായ ഈ സ്ഥിതി ഇങ്ങനെ തുടർന്നാൽ ഈ തലമുറ വികലമായ സമൂഹമായി അധഃപതിക്കും എന്നതിൽ യാതൊരു സംശയവുമില്ല. പീഡനത്തിന്റെയും അക്രമത്തിന്റെയും കഥകൾ പെരുപ്പിച്ചു കാട്ടി മനുഷ്യമനസ്സിനെ വിഷംകുത്തി നിറയ്ക്കുന്ന മാദ്ധ്യമങ്ങളും സ്വീകരിക്കുന്ന നിലപാടുകളും ധാർമ്മികമല്ല.

**ലൈംഗികതയുടെ അതിപ്രസരം പീഡനത്തിലേക്ക്:**

ഇന്നത്തെ സംസ്കാരവും ജീവിതവും ധാർമ്മികതയുടെയും മൂല്യങ്ങളുടെയും അടിസ്ഥാനത്തിലല്ല എന്നതു ദുഃഖകരമാണ്. പുത്തൻ ജീവിതസാഹചര്യങ്ങൾ വികലമായ ചിന്താഗതികളിലാണ് ഇന്നത്തെ തലമുറയെ വളർത്തിയെടുക്കുന്നത്. കണ്ണൊന്നു തുറന്നാൽ കാണുന്നത് ലൈംഗികതയെ അല്ലെങ്കിൽ വികാരങ്ങളെ (Imotion) നിയന്ത്രിക്കാൻ കഴിയാത്ത കാഴ്ചകളാണ്. ദൃശ്യമാദ്ധ്യമങ്ങളും മറ്റു പത്രമാദ്ധ്യമങ്ങളും വളർത്തിയെടുക്കുന്നത് ലൈംഗിക കച്ചവട സംസ്കാരമാണ്. ഒരു പേനയുടെ പരസ്യമോ അല്ലെങ്കിൽ ചോക്ലേറ്റിന്റെ പരസ്യമോ പരിശോധിച്ചാൽ അതിലും ലൈംഗികതയുമായി ബന്ധപ്പെട്ടിട്ടുള്ള വസ്തുതകൾ കാണാൻ കഴിയുന്നു. ഇത്തരത്തിലുള്ള ദൈനംദിന ജീവിതത്തിലെ ലൈംഗികത ഇന്നത്തെ തലമുറയെ ഗണ്യമായി സ്വാധീനിക്കുന്നു. ഇത്തരത്തിൽ വികാരോത്തേജനമാണ് പീഡനങ്ങളിലും സ്ത്രീകൾക്കു നേരെയുള്ള ആക്രമണങ്ങളിലേക്കും കൊണ്ടെത്തിക്കുന്നത്.

പ്രായപൂർത്തിയാകാത്ത ഇളംകുരുന്നുകൾ പോലും ഇത്തരത്തിൽ പീഡനങ്ങൾക്ക് വിധേയപ്പെടുന്നുണ്ട്. സുരക്ഷിതത്വത്തിനു മുൻഗണന നൽകേണ്ടുന്നവരിൽ നിന്നുമാണ് ഈ പ്രായക്കാർ പീഡനങ്ങൾ ഏറ്റുവാങ്ങേണ്ടി വരുന്നത് എന്നത് ദുഃഖകരവും ഭയാനകരവുമാണ്. റോഡിൽ വാഹനം ഇടിച്ചു കിടക്കുന്ന നായ്ക്കു ചുറ്റും കാവൽ നിൽക്കുന്ന മറ്റു നായ്ക്കളുടെ സ്നേഹവും കൂറും, വിദ്യാഭ്യാസവും വിവരവും അവകാശപ്പെടുന്ന മനുഷ്യനില്ല എന്നത് മനുഷ്യൻ മൃഗങ്ങളെക്കാൾ അധഃപതിച്ചിരിക്കുന്നു എന്നുള്ളതിന്റെ ഉത്തമ ഉദാഹരണമാണ്. സ്വന്തം കുഞ്ഞിന് ഏതു പ്രതിസന്ധിയിലും സംരക്ഷണം നൽകുവാൻ ആഗ്രഹിക്കുകയും സ്വന്തം ജീവൻ നഷ്ടപ്പെടുത്തേണ്ടി വന്നാലും ശത്രുവിനു നേരെ ചെറുത്തുനില്പു നടത്തുന്ന മൃഗങ്ങളും പക്ഷികളും മനുഷ്യന്റെ മുമ്പിൽ ഒരു അപവാദമായി മാറുന്ന കാലഘട്ടമാണിത്. സ്വന്തം പിതാവിനാൽ പീഡിപ്പിക്കപ്പെടുന്ന പെൺമക്കളും സ്വന്തം സഹോദരന്റെ ആക്രമണത്തിനു വിധേയയാകേണ്ടി വരുന്ന സഹോദരിയും ഇന്ന് നമുക്കു വാർത്തയല്ലാതായിരിക്കുന്നു. എവിടെയാണ് മാറ്റം സംഭവിക്കേണ്ടത്?

**ജീവിതശൈലിക്ക് മാറ്റം അനിവാര്യം**

മറ്റുള്ളവരെ സ്നേഹിക്കാനും ബഹുമാനിക്കാനും ഉൾക്കൊള്ളുവാനും കഴിഞ്ഞിരുന്ന ഒരു ശീലം നമുക്ക് മുമ്പുണ്ടായിരുന്നു. സ്വന്തം മകളെ കാണുന്നതുപോലെ മറ്റുള്ള പെൺകുട്ടികളെയും കാണുന്ന മാതാപിതാക്കൾ ഉണ്ടായിരുന്ന കാലം. മറ്റു പെൺകുട്ടികളെ സ്വന്തം സഹോദരിയായി കാണുന്ന ഒരു കാലം.. എന്നാൽ ഈ ചിന്താഗതികളും ധാർമ്മികതയും കൈമോശം വന്നിരിക്കുന്ന കാലഘട്ടമാണിത്. ഇവിടെ സ്ത്രീകളെ ലൈംഗിക വസ്തുവായി മാത്രം കാണുന്ന ഈ സമൂഹം ധാർമ്മിക അധഃപതനത്തിലേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. സ്വന്തം സുഖവും താല്പര്യങ്ങളും മാത്രം എന്ന സ്വാർത്ഥ ചിന്താഗതി (Selfish mentality) അപകടകരമായ ജീവിതശൈലിയിലേക്കാണ് വിരൽചൂണ്ടുന്നത്. മറ്റുള്ളവരുടെ വേദനയിൽ സന്തോഷിക്കുന്ന സാഡിസം എന്ന മാനസിക വൈകല്യം ഇന്നത്തെ തലമുറയിൽ ദൃശ്യമാണ്.

ഈ കാര്യത്തിൽ പലപ്പോഴും ഉത്തരവാദിത്വത്തോടെ പങ്കു വഹിക്കേണ്ടുന്ന മാതാപിതാക്കൾ തങ്ങളുടെ കർത്തവ്യത്തിൽ നിന്നും ഒഴിഞ്ഞുമാറുന്നത് അപകടകരവും അധാർമ്മികവുമായ ഒരു തലമുറയെ സൃഷ്ടിച്ചെടുക്കുകയുമാണ് ചെയ്യുന്നത്. സ്വന്തം ഭവനത്തിൽ ലഭിക്കേണ്ടുന്ന പ്രായോഗികവും പ്രാധാന്യമേറിയതുമായ മൂല്യബോധവത്കരണം ലഭിക്കപ്പെടേണം. ഉത്തമ ജീവിതത്തിനാവശ്യമായ ഉത്ബോധനം തീർച്ചയായും മാതാപിതാക്കൾ പകർന്നു നൽകണം. മാത്രമല്ല, സ്കൂളുകളിലും കോളേജുകളിലും മൂല്യബോധം വളർത്തുന്ന ക്ലാസുകളും പ്രയോഗിക തലത്തിൽ വളർത്തിയെടുക്കാനാവശ്യമായ പരിശീലനങ്ങളും നൽകണം. പഴയ വീടിനു വെള്ളപൂശുന്നതു പോലെയുള്ള ബോധവത്കരണമാണ് ഇന്നത്തെ കാലഘട്ടത്തിൽ നടക്കുന്നത്. അടിസ്ഥാനപരമായ വ്യക്തിത്വ വികസനം ഉണ്ടെങ്കിൽ മാത്രമേ അധാർമ്മികവും തെറ്റായതുമായ പ്രവണതകൾ നമ്മുടെ സമൂഹത്തിൽ നിന്നും. ഇന്നത്തെ തലമുറയിൽ നിന്നും മാറ്റിയെടുക്കുവാൻ കഴിയുകയുള്ളു.

ആത്മീയതലത്തിൽ പരാജയമാണ് നമ്മുടെ ക്രിസ്തീയ തലമുറ പോലും വഴിപിഴച്ച ജീവിതശൈലികൾക്ക് അടിമകളായി മാറുന്നത്. കുറച്ച് ആത്മീയ കാര്യങ്ങൾ തലയിൽ നിറച്ചുകൊടുത്താൽ എല്ലാമായി എന്നു ചിന്തിക്കുന്ന മാതാപിതാക്കളും സഭാനേതൃത്വങ്ങളും യുവജനപ്രസ്ഥാനങ്ങളും ഒരു കാര്യം മനസ്സിലാക്കേണ്ടത്, ആത്മീയമൂല്യങ്ങളിൽ വളർത്തിയെടുക്കുന്നതുപോലെയാണ് സാമൂഹികമായ മാതൃകാ ജീവിതത്തിന്റെ അനിവാര്യത. സ്വയജീവിതത്തിൽ നന്നായി ജീവിക്കാത്തവൻ എത്ര വലിയ ആത്മീയനായാലും വെള്ള തേച്ച ശവക്കല്ലറയാണ്. മാറ്റം കാലഘട്ടത്തിന്റെ ആവശ്യമാണ്.

## ഡോ. ബില്ലി ഗ്രഹാം സവിശേഷതകളുടെ മനുഷ്യരൂപം

പ്രസിഡന്റുമാരുടെ സ്പിരിചൽ അഡ്വൈസറായിരുന്നു ബില്ലിഗ്രഹാം. ലളിതമായ ഭാഷയിൽ സുവിശേഷം പ്രസംഗിക്കുന്നതിൽ ബില്ലിഗ്രഹാം പ്രകടിപ്പിച്ചിരുന്ന താൽപര്യം പ്രശംസനീയമായിരുന്നു. ലോകപ്രസിദ്ധ മാരാമൺ കൺവൻഷനിലും ബില്ലിഗ്രഹാമിന്റെ സാന്നിധ്യം ആത്മീയചൈതന്യം പകരുന്നതായിരുന്നു. പ്രായാധികൃത്താൽ കേൾവിയും കാഴ്ചയും ഭാഗീകമായി നഷ്ടപ്പെട്ടിരുന്നെങ്കിലും മരിക്കുന്നതു വരെ തികച്ചും ആരോഗ്യവാനായിരുന്നു. ഫെബ്രുവരി 21 ന് കർതൃസന്നിധിയിൽ ചേർക്കപ്പെട്ട ഡോ.ബില്ലിഗ്രഹാമിന്റെ ഭൗതീകശരീരം മാർച്ച് 2ന് ബില്ലിഗ്രഹാം ലൈബ്രറിക്കു സമീപം പ്രെയർ ഗാർഡനിൽ തന്റെ ഭാര്യ രൂത്തിനെ സംസ്കരിച്ചിരിക്കുന്ന കല്ലറയ്ക്ക് സമീപം സംസ്കരിച്ചു.

ഒരു പക്ഷെ അപ്പൊസ്തലനായ പൗലോസിന് ശേഷം ദൈവത്താൽ ഇത്ര ശക്തമായി ഉപയോഗിക്കപ്പെട്ട മറ്റൊരു വ്യക്തി ഉണ്ടെന്നു തോന്നുന്നില്ല. ലോകത്തിന്റെ മിക്കരാജ്യങ്ങളിലും യേശുക്രിസ്തുവിന്റെ ജീവനുള്ള വചനവും പേറി സഞ്ചരിച്ചു പതിനായിരങ്ങളെ യേശുവിനുവേണ്ടി നേടിയ ആ ധീരപോരാളി ഒരുവൻ എങ്ങനെ കർത്താവിനുവേണ്ടി ഉപയോഗിക്കപ്പെടാം എന്നതിന് ഉത്തമമാതൃക ആയിരുന്നു.

ഏതൊരു ക്രിസ്തുവിശ്വാസിക്കും ജീവിതത്തിൽ പകർത്താവുന്നതാണ് തന്റെ ജീവിതം.

ബ്രിട്ടന്റെ പ്രഭു പദവി, ടെമ്പിൾടൺ പുരസ്കാരം തുടങ്ങി നിരവധി ബഹുമതികൾ ലഭിച്ച പ്രതിഭ...വിമർശകർക്ക് ന്യൂനതകൾ പറയാൻ ഇല്ലാതിരുന്ന ദൈവഭൃത്യൻ. അമേരിക്കൻ പ്രസിഡണ്ടുമാർ പ്രാർത്ഥനയും ഉപദേശവും തേടിയിരുന്ന ജ്ഞാനാത്മപൂർണ്ണൻ.... ലോകത്തിൽ ഏറ്റവും കൂടുതൽ ജനാവലിയെ അഭിസംബോധന ചെയ്ത പ്രഭാഷകൻ....അമേരിക്കൻ പ്രസിഡണ്ട് സ്ഥാനത്തേക്ക് മത്സരിക്കാൻ ക്ഷണിക്കപ്പെട്ടപ്പോൾ സ്നേഹത്തോടെ നിരസിച്ച ക്രിസ്തുവിന്റെ സ്ഥാനാപതി.... ഏഴ് പതിറ്റാണ്ട് സുവിശേഷവേദിയിലെ നിറസാന്നിദ്ധ്യം... ഉജ്ജ്വലമായ വാക്ധോരണി കൊണ്ടും ആകർഷകമായ വിഷയാവതരണംകൊണ്ടും തികച്ചും വ്യത്യസ്തൻ.

ഏറ്റവും ആകർഷിച്ച അദ്ദേഹത്തിന്റെ വാക്കുകൾ: ലോകത്തിൽ നിങ്ങൾക്ക് മാത്രമായിട്ട് ഒരു ശുശ്രൂഷയുണ്ട്. നിങ്ങൾക്ക് മാത്രമായിട്ട് ചില സന്ദേശങ്ങൾ ഉണ്ട്. നിങ്ങളെക്കൊണ്ട് മാത്രം ചെയ്തുതീർക്കാൻ ദൈവം ചിലത് നിശ്ചയിച്ചിട്ടുണ്ട്. ലോകത്തിൽ മറ്റാർക്കും നൽകാത്ത താലന്തുകൾ സ്വർഗ്ഗം നിങ്ങൾക്ക് നൽകിയിട്ടുണ്ട്. ഉലകത്തിൽ നിങ്ങൾക്ക് തുല്യൻ നിങ്ങൾ മാത്രം...

നിത്യതയുടെ തുറമുഖത്തു വീണ്ടുംകാണാം എന്നപ്രത്യാശയോട് അപ്കോൺവോയ്സിന്റെ ആദരാഞ്ജലികൾ.




# Overflowing Comfort



Saju John Mathew

Reading: 2. Cor. 1:3-11

"For just as the sufferings of Christ flow over into our lives, so also through Christ our comfort overflows." 2. Cor. 1:5

Paul says the hardships he suffered in the province of Asia were far beyond his ability to endure, so that he despaired even of life (v.8). Why does God allow tribulations in the lives of His saints?

First, it could be discipline. When flocks return home, if a little lamb strays away to eat grass of its choice on the wayside, the shepherd might whack it mildly, only to discipline it, to say that you have eaten enough from the green pastures and it is time to go home! Disciplining is to repent and retreat!

Holding the hands of his mother, three-year-old Johny was strolling in a public park. Seeing boys and girls playing on amusement rides, Johny wanted to try one, but mother said it was only for big boys. Johny was sad. While his mother was talking to somebody, he sneaked away and joined the big boys. They encouraged him to try the ride which resulted in his falling, face down. Seeing Johny with a wounded nose and blood-oozing mouth, the big boys were frightened and turned away as if they had done nothing. Johny ran back to his mother, crying. Hearing the cry of the son, his mother rushed to him took him in her arms, washed his face and mouth and gave him some juice to drink. Now, Johny doesn't want to go anywhere. He stuck to his mother's breast and slept peacefully! Sometimes we are like Johny... Out of curiosity, we "test" things that God has not designed for us.

It is not that you endure hardships only when you make mistakes! A Military officer demanding of a newly recruited young soldier to run 5 Kilometres under the scorching sun is not a punishment; it is a part of his training. Hard training is essential to build the soldier up and ready him for battle.

Paul says that troubles have a sweet side too. "For the more we suffer for Christ, the more God will shower us with his comfort through Christ" (v.5 NLT).

When we suffer, there is a comfort reserved for us. That helps us to even welcome sufferings!

One day my wife asked two of our younger daughters to bathe by themselves, as she was too busy with mission affairs. The elder one (5yrs) told the younger one (2yrs): "Let's keep on bathing in cold water... and then we will become sick. And, when we become sick, our mother will find time to bathe us and she will not leave us alone!"

I am not advocating disobedience. However, the joy we obtain in being comforted by our Lord is enough to sweep away all the pain we suffer in our afflictions!

Here, Paul explains another reason why God allows afflictions.

"All praises to God, the Father of our Lord Jesus Christ. God is our merciful Father and the source of all comfort. He comforts us in all our troubles so that we can comfort others. When they are troubled, we will be able to give them the same comfort God has given us." (vv.4-5- NLT)

Only when we suffer, we receive comfort. Only when we receive comfort, we can meaningfully exhort others to receive comfort from Jesus.

At the time of the Serbian civil war, the victims of atrocities received food, clothing and comfort from a catholic convent. In tears, many young girls told the friars that they had lost their virginity as the soldiers trampled them to satisfy the lust of their flesh! The nuns would comfort them saying, "It is not your fault daughter, take it easy... God is with you!" Some were comforted, but some would not be. One girl said: "Sister, you can say this very easily. But, do you know what it is to be abused by a thug who is mad with his passions!"

The nuns did not have an answer for the battered girl. However, one day, the military marched into the convent too. They smashed everything in their way. They did not spare even the nuns who were angels of charity. The virginity they kept as more precious than their lives were torn in minutes.

Days went by in silence. None knew what to speak. Whenever they met at the corridors of the convent, they mourned and hugged each other. No singing and no shouting of Halleluiah... Only cries and prayers!

After a few weeks, one of the friars who were brutally raped apprehended the shocking reality that she was conceived! She was shattered at the thought of being humiliated as a pregnant nun! Life was a puzzle before her!

She spent days in anguish! Finally, she wrote a letter to the mother superior: "Mother, I do not understand why my beloved bridegroom allowed this shame in my life... I know I cannot continue as a friar anymore. God has given me a child, even though I did not ask for it. I do not know whose child it is... somebody's! However, I believe that children are a gift from God! I leave the convent and go to the village. With my child, I will share the destiny of our poor sisters there. If I come across my young sister, who once asked whether I know what it meant to be abused and humiliated, I can say to her; 'Yes daughter, I understand you.' I can also say, 'daughter, not just me... Jesus understands you...' I know Mother, that I am still beloved to my bridegroom!"

Oh! What a faith! She knew that she was still beloved to Jesus!

I remember my "Hepatitis" days. The liver enzymes count was shooting up by the hour. I was dying! However, Jesus was a reality to me on my "deathbed." I enjoyed talking to Him and hearing from Him. I was in the shadow of the almighty. I told Him that I was prepared to die or to live. He sent me back to life!

Why did I need to experience the pain and agony of the deathbed? When I look back, I thank God for those painful days of anguish... Now I can go to people facing death in sickbed, and say that Jesus can be a reality even when you are in the shadow of the valley of death!

Prayer: Lord, help me to receive comfort from you when I am afflicted, so that I can be an agent of your comfort for those who are afflicted!

Further reading: 2 Cor. 4: 7- 12; Ps. 34: 4-22






aapcon newsletter March 2018.indd 5 11-03-2018 13:02:07



THINK Travel NAJM
NAJM TOURS
Bring your Family Members
UAE VISA
30 Days AED 330
90 Days AED 890
VISA EXTENSION FOR FAMILY MEMBERS
30 Days AED 1260
90 Days AED 1870
UAE VISA
Same Day Visa
(Airport to Airport)
Mr. Ginu Mathew
0555 252 251 | 056 25 25 221
+971 6 521 21 20 | +971 6 521 36 76
ginu@najmtours.com | ginuektr@gmail.com
www.najmtours.com
P.O Box:96727 Near Mubarak center Sharjah | UAE
UAE's Innovative Tourism Service Provider

## പുതിയ അദ്ധ്യയനവർഷം പ്രാർത്ഥിച്ചാരംഭിച്ചു

**അബുദാബി •** ഈ വർഷത്തെ MCC സൺഡേസ്കൂൾ ക്ലാസുകൾ 2018 മാർച്ച് 2-ന് സെന്റ് ആൻഡ്രൂസ് കമ്മ്യൂണിറ്റി ഹാളിൽ വച്ച് പാസ്റ്റർ എം.ജെ. ഡൊമനിക് (ഐ.പി.സി ഗിൽഗാൽ അബുദാബി) പ്രാർത്ഥിച്ചാരംഭിച്ചു. എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9 മണി മുതൽ 11 വരെ സെന്റ് ആൻഡ്രൂസ് കമ്മ്യൂണിറ്റി ഹാളിൽ സൺഡേസ്കൂൾ നടക്കുന്നതാണ്.



## ഉപവാസ പ്രാർത്ഥനയും ഉണർവ്വുയോഗങ്ങളും

**അബുദാബി •** ഐ.പി.സി. ഗിൽഗാൽ അബുദാബിയുടെ നേതൃത്വത്തിൽ മാർച്ച് 19 മുതൽ 23 വരെ ഇവാഞ്ചലിക്കൽ ചർച്ച് സെന്ററിൽ വച്ച് ഉപവാസ പ്രാർത്ഥനയും ഉണർവ്വുയോഗങ്ങളും നടക്കും. പ്രസ്തുത മീറ്റിംഗുകളിൽ അനുഗ്രഹീത ദൈവദാസന്മാരായ പാസ്റ്റർ റെജി നാരായണൻ, പാസ്റ്റർ സ്റ്റാൻലി കുമളി, പാസ്റ്റർ സജു മാവേലിക്കര, പാസ്റ്റർ ജോൺ തങ്കച്ചൻ എന്നിവർ ദൈവവചനം ശുശ്രൂഷിക്കും. കൂടുതൽ വിവരങ്ങൾക്ക്: പാസ്റ്റർ എം.ജെ. ഡൊമനിക്ക് 056 6637365

## APCCON COMMON WORSHIP IN FOCUS








## നിത്യതയിൽ



**പുനലൂർ •** അബുദാബി ബഥേൽ AG സഭാംഗവും അപ്കോണിന്റെ അനുഗ്രഹീത ഗായകനുമായ റോബിൻ ലാലച്ചന്റെ പിതാവ് നരിക്കൽ മൂപ്പരേത്ത് ശാരോൺ ഭവനിൽ എം.വൈ. ലാലച്ചൻ(62) ഫെബ്രു. 25-ന് നിത്യതയിൽ പ്രവേശിച്ചു. നരിക്കൽ അസംബ്ലീസ് ഓഫ് ഗോഡ് സഭാംഗമാണ് പരേതൻ. സംസ്കാര ശുശ്രൂഷ 28-ന് നരിക്കൽ എ.ജി.സെമിത്തേരിയിൽ റവ.ഡോ. പി.എസ്. ഫിലിപ്പിന്റെ നേതൃത്വത്തിൽ നടന്നു.

ഭാര്യ: ലാലി ലാലച്ചൻ മക്കൾ: റോബിൻ ലാലച്ചൻ (അബുദാബി) ഷേരൻ ജയൻ (ബാംഗ്ലൂർ). മരുമക്കൾ: ജിസ, ജയൻ. ദുഃഖത്തിലായിരിക്കുന്ന പ്രിയ കുടുംബാംഗങ്ങളോട് അപ്കോൺ വോയ്സിന്റെ ദുഃഖവും പ്രത്യാശയും അറിയിക്കുന്നു.

## ജേർണി വിത്ത് ക്രൈസ്റ്റ്

**അബുദാബി •** ഐ.പി.സി. ഗിൽഗാൽ അബുദാബി സഭയുടെ നേതൃത്വത്തിൽ **പുതിയ അദ്ധ്യയനവർഷത്തിലേക്കു പ്രവേശിക്കുന്ന കുട്ടികൾക്കായി** 'Journey with Christ' എന്ന പേരിൽ മീറ്റിംഗുകൾ ക്രമീകരിച്ചിരിക്കുന്നു. മാർച്ച് 17,18 തീയതികളിൽ ഇവാഞ്ചലിക്കൽ ചർച്ച് സെന്റർ, സെന്റ് ആൻഡ്രൂസ് റൂമിൽ നടക്കുന്ന മീറ്റിഗുകളിൽ പാസ്റ്റർ സ്റ്റാൻലി കുമളി, പാസ്റ്റർ തോമസ് ഫിലിപ്പ് (ജോൺജി) എന്നിവർ പ്രസംഗിക്കും. പാസ്റ്റർ എം.ജെ. ഡൊമനിക് നേതൃത്വം നൽകും. 5 മുതൽ പ്ലസ് ടു വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഈ മീറ്റിംഗിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക്: ബ്രദ. ജോജി മാത്യു 055 730217, ബ്രദ. ജോൺസൺ മാത്യു 055 4282712.

## ബ്ലസ് അബുദാബി 2018

അബുദാബി • കർമ്മേൽ ഐ.പി.സി. അബുദാബിയുടെ നേതൃത്വത്തിൽ മാർച്ച് 23,24 തീയതികളിൽ മുസഫാ ബ്രദറൺ ചർച്ച് സെന്റർ F1 ഹാളിൽ വെച്ച് വചനശുശ്രൂഷയും സംഗീതവിരുന്നും നടക്കും. പാസ്റ്റർ തോമസ് മാമ്മൻ പ്രസംഗിക്കും. കർമ്മേൽ വോയ്സ് ഗാനശുശ്രൂഷ നിർവഹിക്കും.

## ഭാരതപ്രാർത്ഥനാ സമ്മേളനം ഏപ്രിൽ 10ന്

തിരുവല്ല• കേരളത്തിലെ എല്ലാ പെന്തെക്കോസ്തു സഭകളെയും അണിനിരത്തി ഏപ്രിൽ 10ന്, 12 മണിക്കൂർ പ്രാർത്ഥന തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ നടക്കും. ഐ.പി.സി.ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോണിനോടു ചേർന്ന് എല്ലാ പെന്തെക്കോസ്തു സഭാനേതാക്കളും പ്രാർത്ഥനയ്ക്കു നേതൃത്വം നൽകും. ഭാരതം നേരിടുന്ന സാമൂഹ്യ-രാഷ്ട്രീയ വെല്ലുവിളികൾ, പ്രകൃതിദുരന്തങ്ങൾ എന്നിവയിൽ നിന്നുള്ള വിടുതലിനായും ദൈവജനത്തിന്റെ ഐക്യതയ്ക്കും ഉണർവ്വിനും വേണ്ടി പ്രാർത്ഥിക്കുന്നതിനാണ് ഈ സമ്മേളനം. പാസ്റ്റർ സാംകുട്ടി ചാക്കോ നിലമ്പൂർ ജനറൽ കൺവീനറായി പ്രവർത്തിക്കുന്നു.

## ഓർഡിനേഷൻ



*ഐ.പി.സി. കർമ്മേൽ അബുദാബി സഭയുടെ സഹശുശ്രൂഷകനായ ഇവാ. ജോജി ജോൺസനെ പാസ്റ്ററായും ബ്രദ. ജെസ്വിൻ മാത്യു തോമസിനെ ഇവാഞ്ചലിസ്റ്റായും ഐ.പി.സി. UAE റീജിയൻ പ്രസിഡന്റ് പാസ്റ്റർ ഗെർസിം പി.ജോൺ പ്രാർത്ഥിച്ചു വേർതിരിച്ചു. ഓർഡിനേഷൻ ലഭിച്ചദൈവദാസന്മാർക്ക് അപ്കോൺ വോയ്സിന്റെ ആശംസകൾ.*



# നിത്യതയുടെ വെളിച്ചത്തിൽ നമുക്ക് ജീവിക്കാം...



**റോജി ഇലന്തൂർ**

അടുത്ത ചില നാളുകളായി പത്ര-വാർത്താ-സമൂഹ മാധ്യമങ്ങൾ വഴിയായി അനേക പ്രശസ്തരുടെയും പ്രമുഖരുടെയും മരണവാർത്ത നാം കേൾക്കുന്നു. ലോകത്തിൽ പൂർണ്ണപ്രഭയോടെ പ്രശോഭിച്ച ചില നക്ഷത്രങ്ങൾ അകാലത്തിൽ കാലയവനികയ്ക്ക് ഉള്ളിൽ എവിടെയോ പോയി മറഞ്ഞു! ഒരു പിടി ഓർമ്മകൾ മാത്രമാക്കി അവർ ഈ ലോകം വിട്ട് കടന്നുപോയി. ഈ ആകസ്മികങ്ങളായ മരണങ്ങൾ മനുഷ്യർ എത്ര ക്ഷണികരാണ് എന്നുള്ള യാഥാർത്ഥ്യം വീണ്ടും നമ്മെ ഓർമ്മിപ്പിക്കുകയാണ്. ആ ചിന്തയാണ് ഈ എഴുത്തിന് നിദാനം.

കഴിഞ്ഞ ആഴ്ചയിൽ അന്തരിച്ച രണ്ട് പ്രമുഖ വ്യക്തിത്വങ്ങൾ മരണത്തെക്കുറിച്ചുള്ള തങ്ങളുടെ കാഴ്ചപ്പാടുകൾ വാക്കുകളാക്കിയത് ഇത്തരുണത്തിൽ ഏറെ ചിന്തനീയമാണ്. അഴകിന്റെ രാജകുമാരി എന്നറിയപ്പെടുന്ന ഇന്ത്യ കണ്ട ഏറ്റവും വലിയ സൂപ്പർസ്റ്റാർ വനിത ശ്രീദേവി ഒരിക്കൽ ഒരു പ്രമുഖ പ്രസിദ്ധീകരണത്തിനു നൽകിയ അഭിമുഖത്തിൽ ഇങ്ങനെ പറഞ്ഞു, ''മരണാനന്തരം ഒരു ജീവിതം ഇല്ല എന്നത് എന്നെ ഏറെ ദു:ഖിപ്പിക്കുന്നു.'' പ്രത്യാശയില്ലാത്ത തന്റെ വാക്കുകളിൽ നിഴലിക്കുന്നത് തന്റെ ജീവിതംതന്നെ അക്ഷരാർത്ഥത്തിൽ നിരർത്ഥകമായിരുന്നു എന്നതിന്റെ ഒരു സൂചനയാണ്.

> **നിത്യത എന്നത് കെട്ടുകഥയോ കിഴവിക്കഥയോ അല്ല, തികച്ചും ഒരു യാഥാർത്ഥ്യം. നിത്യത എന്ന വാക്കുകൊണ്ട് നാം അർത്ഥമാക്കുന്നത് അന്തമില്ലാത്ത, അറുതിയില്ലാത്ത, അനന്തകോടിയുഗം എന്നത്രെ. മരണത്തിനപ്പുറം അന്തമില്ലാത്ത ഒരു നിത്യജീവൻ നമുക്കുണ്ട്.**

ലോകപ്രശസ്ത സുവിശേഷകൻ റവ.ഡോ.ബില്ലി ഗ്രഹാം പറഞ്ഞത് എന്നാൽ ഏറെ ശ്രദ്ധേയമായിരുന്നു. ''എന്നെങ്കിലും ഒരിക്കൽ ബില്ലി ഗ്രഹാം മരിച്ചു എന്ന് നിങ്ങൾ വായിക്കുകയോ കേൾക്കുകയോ ചെയ്താൽ അതിന്റെ ഒരു വാക്ക് പോലും വിശ്വസിക്കരുത്. ഇന്ന് ഞാൻ ആയിരിക്കുന്നതിനേക്കാൾ ജീവൻ അന്ന് എന്നിൽ ഉണ്ടാകും. ഞാൻ എന്റെ മേൽവിലാസം ഒന്ന് മാറി ദൈവസന്നിധിയിൽ ചെന്നു ചേർന്നിട്ടുണ്ടാകും.'' പ്രത്യാശാപൂരിതമായ തന്റെ ഈ വാക്കുകൾ എത്ര പ്രചോദനപ്രദം!

നിതൃത എന്നത് കെട്ടുകഥയോ കിഴവിക്കഥയോ അല്ല, തികച്ചും ഒരു യാഥാർത്ഥ്യം. നിതൃത എന്ന വാക്കുകൊണ്ട് നാം അർത്ഥമാക്കുന്നത് അന്തമില്ലാത്ത, അറുതിയില്ലാത്ത, അനന്തകോടിയുഗം എന്നത്രെ. ഈ ലോകത്ത് ആയിരിക്കുമ്പോൾ തന്നെ മരണത്തിനപ്പുറം അന്തമില്ലാത്ത ഒരു ജീവൻ, പ്രത്യുത, നിത്യജീവൻ നമുക്കുണ്ട് എന്നുള്ള യാഥാർത്ഥ്യബോധത്തിൽ നമുക്ക് ജീവിക്കുവാൻ ഇടവരട്ടെ.

വേദപുസ്തകം പറയുന്നു, ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകും, ദൈവേഷ്ടം ചെയ്യുന്നവരോ എന്നേക്കും നിലനിൽക്കും. ഈ ലോകത്തിൽ നാം ഉണ്ടാക്കുന്ന പേരും പ്രശസ്തിയും പണവും പ്രതാപവും ഒക്കെ പോയി മറയുമ്പോഴും ഒരിക്കലും നഷ്ടമാകാത്തത് ഒന്നുണ്ട്, അത് നാം കർത്താവിനുവേണ്ടി ചെയ്യുന്ന പ്രവൃത്തിയാണ്. തന്റെ രാജ്യത്തിന്റെ വിസ്തൃതിക്കുവേണ്ടി അനേകരെ നേടി പ്രത്യാശയോടെ, നിത്യതയുടെ വെളിച്ചത്തിൽ നമുക്ക് ജീവിക്കാം.








Printed and published by APCCON | apcconvoice@gmail.com | www.apccon.com


FOR PRIVATE CIRCULATION ONLY. NOT FOR SALE